**പതിനാലാം കേരളനിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2113 05.05.2017 ന് മറുപടിയ്ക്ക്.

**കാട്ടുമൃഗങ്ങൾ വിള നശിപ്പിച്ചതുമായി ബന്ധപ്പെട്ട കേസ്സുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.യു.ആർ.പ്രദീപ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനമേഖലയിൽ കടുത്ത വേനലിൽ ജല ദൗർലഭ്യം മൂലം ആന, പന്നി, കുരങ്ങ് എന്നിവ നാട്ടിൽ വെള്ളവും ഭക്ഷണവും തേടിയെത്തി കർഷകരുടെ വിളകൾ നശിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഈ വേനൽകാലത്ത് ഇതേവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) 2017 ജനുവരി 1 മുതൽ നാളിതുവരെ ഇത്തരത്തിലുള്ള 1805-ഓളം കേസ്സുകൾക്കാണ് കൃഷി നശിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഓൺലൈനായി അപേക്ഷ ലഭിച്ചിട്ടുള്ളത്. |
| (ബി) കാട്ടുമൃഗങ്ങൾ വിള നശിപ്പിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. 08.01.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം പ്രകാരം കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം വിള നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (സി) കാട്ടുമൃഗങ്ങൾക്ക് വേനൽക്കാലത്ത് അവയുടെ ആവാസമേഖലയോടനുബന്ധിച്ച് വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ചെറിയ തടയണകളും മറ്റും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) കാട്ടുമൃഗങ്ങൾക്ക് വേനൽക്കാലത്ത് അവയുടെ ആവാസ മേഖലയോടനുബന്ധിച്ച് വെള്ളം ലഭ്യമാക്കുന്നതിന് സ്വാഭാവിക ജലാശയങ്ങൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെ 1500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും, പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നുണ്ട്. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്. |

Latheesh

സെക്ഷൻ ഓഫീസർ